26580
14/12/17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പേരാവൂർ അസംബ്ലി നിയോജകമണ്ഡലം - ആസ്തി വികസന പദ്ധതി - ഭരണാനുമതി ലഭ്യമായ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കാൻ അനുമതി നൽകി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ.3944/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 07/12/2017

---

പരാമർശം :- (1) സ.ഉ. (സാധാ) 1168/2017/തസ്വഭവ. തീയതി 17.04.2017.
(2) സ.ഉ. (സാധാ) 1175/2017/തസ്വഭവ. തീയതി 17.04.2017.
(3) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.11.2017 ലെ ഡിബി5-11833/17/സിഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

ബഹു.പേരാവൂർ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ.സണ്ണി ജോസഫ് അവർകളുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി "പായംമുക്ക്-മുരിങ്ങൂർ റോഡ്". "എടക്കാനം - മോച്ചേരി റോഡ്". എന്നി പ്രവൃത്തികൾക്ക് പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. ബഹു.എം.എൽ.എ.യുടെ നിർദ്ദേശാനുസരണം ടി പ്രവൃത്തികൾ. പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കാൻ നഗരസഭയ്ക്ക് എതിർപ്പില്ലായെന്ന് കൗൺസിൽ തീരുമാനം പാസ്സാക്കിയിട്ടുള്ളതിനാൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) ലെ കത്തിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരിക്കുന്നു.

3. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശത്തിലെ സർക്കാർ ഉത്തരവുകളിലൂടെ ഭരണാനുമതി ലഭിച്ച "പായംമുക്ക്-മുരിങ്ങൂർ റോഡ്", "എടക്കാനം - മോച്ചേരി റോഡ്" എന്നി പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായിട്ട് നടപ്പാക്കുന്നതിന് തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകി ഉത്തരവാകുന്നു. പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുകളും, പാലങ്ങളും), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ധനകാര്യ വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ